# MALANKARA CATHOLIC CHURCH
## ARCHDIOCESE OF TIRUVALLA

**Most Rev. Dr. Thomas Mar Koorilos**
**Metropolitan Archbishop of Tiruvalla**

**Catholic Archbishop's House**
**Marygiri, P.B. No. 4, Tiruvalla**

Circular No. 2/2015 February 12, 2015

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോർ എപ്പിസ്കോപ്പമാരേ, ബഹു. വൈദികരേ, സിസ്റ്റേഴ്സ്, സഹോദരങ്ങളേ,

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ആത്മാവിൽ ആഴത്തിൽ അലിഞ്ഞുചേർന്നിട്ടുള്ളതും ദൈവദാസൻ ആർച്ച് ബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ താമസിച്ച് തപസനുഷ്ഠിച്ചതും ദൈവദാസന്റെ കണ്ണുനീർ വീണു കുതിർന്നതുമായ തിരുമൂലപുരത്തിന്റെ മണ്ണിൽ അദ്ദേഹത്തിന്റെ സ്മരണയ്ക്കായി ഒരു സ്മൃതിമണ്ഡപം ഉ ാകുക എന്നത് മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേകിച്ച്, തിരുവല്ലാ അതിരൂപതയുടെ ചിരകാലാഭിലാഷമായിരുന്നു. അദ്ദേഹത്തിന്റെ ആധ്യാത്മികത അഭ്യസിക്കുന്നതിനും അനുഭവിക്കുന്നതിനും പ്രാർഥനയ്ക്കും ധ്യാനത്തിനും ഏകാന്തതയ്ക്കും ആത്മിക ഗുരുക്കന്മാരുടെ മാർഗനിർദേശങ്ങൾ ലഭിക്കുന്നതിനും ഉതകുന്ന ഒരു സംവിധാനം, അതായിരുന്നു നമ്മുടെ ആഗ്രഹം. പുനരൈക്യ സഹശില്പി പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫീലോസ് പിതാവിന്റെ ജന്മശതോത്തര രജതജൂബിലി വർഷം, ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി വർഷം, എൺപത്തഞ്ചാം പുനരൈക്യ വാർഷികം തിരുമൂലപുരം കേന്ദ്രമാക്കി ആഘോഷിക്കൽ. ഈ സന്ദർഭത്തിൽ തന്നെ നമ്മുടെ അഭിലാഷം പൂവണിയുവാൻ ദൈവം തമ്പുരാൻ വഴിതുറന്നുതന്നിരിക്കുന്നു.

പുനരൈക്യത്തിന്റെ ആരംഭകാലത്ത് ദൈവദാസൻ പാർത്തിരുന്ന ചെറുഭവനം കാലപ്പഴക്കത്തിൽ നഷ്ടമായിരുന്നല്ലോ. അതേ സ്ഥലത്ത് അദ്ദേഹത്തിന്റെ സ്മരണയ്ക്കായി ഒരു പ്രാർഥനാലയവും ധ്യാനമണ്ഡപവും കൗൺസിലിംഗ് കേന്ദ്രവും ഒരു ആധ്യാത്മിക പിതാവിന് താമസിച്ച് ശുശ്രൂഷ ചെയ്യുവാനുള്ള സൗകര്യങ്ങളും ഉൾക്കൊള്ളുന്ന ഒരു ആലയം നിർമിച്ച് പിതാവിന്റെ ഓർമയ്ക്കായി പ്രതിഷ്ഠിക്കുവാനാണ് ആഗ്രഹിക്കുന്നത്. നമ്മുടെ പുണ്യപിതാവ് വ്യാപരിച്ച ഈ മണ്ണ് മലങ്കരയുടെ മക്കൾക്കെല്ലാം പരിപാവനമാണ്. അതിനാൽ സ്മൃതിമണ്ഡപത്തിന്റെ നിർമാണവും പ്രവർത്തനങ്ങളും ശുശ്രൂഷയും തിരുവല്ല അതിഭദ്രസനത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ക്രമീകരിക്കുവാനാണ് ആഗ്രഹിക്കുന്നത്. മലങ്കര സഭയിലെ ഒരു പ്രധാന തീർഥാടനകേന്ദ്രവും ആത്മിക ശക്തികേന്ദ്രവുമായി ഈ സ്മൃതിമണ്ഡപം വളർന്നുവരുമെന്നതിൽ സംശയമില്ല. അഭിവന്ദ്യ തോമസ് മാർ ദിയസ്കോറോസ് പിതാവിന്റെ ഈ വർഷത്തെ ഓർമ്മത്തിരുന്നാളാഘോഷത്തോടനുബന്ധിച്ച് സ്മൃതിമണ്ഡപത്തിന്റെ അടിസ്ഥാന ശില ആശീർവദിച്ച് സ്ഥാപിച്ച് പണി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സ്മൃതിമണ്ഡപത്തിന് '**കൃപാഭവൻ**' എന്ന് പേര് നൽകാനാണ് ആഗ്രഹിക്കുന്നത്. ദൈവമക്കൾ എല്ലാവരുടെയും നിർലോഭമായ പ്രാർഥനയും സഹായസഹകരണങ്ങളും അഭ്യർഥിക്കുന്നു.

## കാര്യപരിപാടി

### 2015 ഫെബ്രുവരി 21 ശനി

5.00 pm: സന്ധ്യാനമസ്കാരം (തിരുമൂലപുരം പള്ളിയിൽ)
5.30 pm: **അടിസ്ഥാനശില ആശിർവദിക്കൽ,** പ്രദക്ഷിണം, അടിസ്ഥാനശില പ്രതിഷ്ഠിക്കൽ.
6.00 pm: കൈമുത്ത്, നേർച്ച പങ്കിടൽ

**2015 ഫെബ്രുവരി 22 ഞായർ**
**അഭിവന്ദ്യ തോമസ് മാർ ദിയസ്കോറോസ് പിതാവിന്റെ ഓർമദിനം**

7.30 am: യാമനമസ്കാരം, **വിശുദ്ധ കുർബാന**, കബറിങ്കൽ ധൂപ പ്രാർഥന, നേർച്ച വിളമ്പ്

**ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ**
ക്രിസ്തു യേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി

**+ തോമസ് മാർ കൂറിലോസ്**
തിരുവല്ല മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്

---

*NB: ഈ സർക്കുലർ അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കുന്ന കേന്ദ്രങ്ങളിലും വായിക്കേ താണ്.*

**Proposed KRUPA BHAVAN,** Thirumoolapuram

